നെല്ല് സംഭരണം

206 (1240) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരണത്തിലെ പ്രതിസന്ധി ശ്രദ്ധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്രയുക കൊടുത്തു തീർക്കാനുണ്ട് ; വിശദമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത യുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെല്ല് സംഭരണത്തിൽ പ്രതിസന്ധി ഒന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 24-6-2015-ാം തീയതിയിലെ കണക്കുപ്രകാരം 2014-15 രണ്ടാംവിള സീസണിൽ ഇനി 181.09 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് കുടിശ്ശിക തീർക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

റേഷൻ വിഹിതം വെട്ടിക്കുറച്ചതും പൊതുവിപണിയിലെ അരിവിലയും

207 (1241) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ ; ഏതെല്ലാം ഇനങ്ങളിൽ എത്രവീതമാണ് കുറവ് വരുത്തിയിട്ടുള്ളത് ;

(ബി) ഇത്തരം ഒരു തീരുമാനം ഉണ്ടാകാൻ ഇടയാക്കിയ സാഹചര്യമെന്താണ് ;

(സി) അനുവദിച്ച റേഷൻ വിഹിതം സംസ്ഥാനം കൃത്യമായി വിനിയോഗിക്കാത്തതും, അതിന് കണക്ക് നൽകാത്തതും റേഷൻ വിഹിതം കുറയ്ക്കാൻ ഇടയാക്കിയിരുന്നോ ;

(ഡി) സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന അരിയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ റേഷൻവിഹിതം വെട്ടിക്കുറച്ചത് പൊതുവിപണിയിൽ അരിവില ക്രമാതീതമായി വർദ്ധിക്കാൻ ഇടയാക്കും എന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly